**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: T2462** **18.07.2011-ൽ മറുപടിയ്ക്ക്**

## ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീ.പുരുഷൻ കടലുണ്ടി:<br>ശ്രീമതി കെ.എസ്. സലീഖ:<br>ശ്രീ. രാജു എബ്രഹാം: | | ശ്രീ. കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി) | |
| (എ) | ഭൂവിനിയോഗം ഫലപ്രദമായ വിധത്തിൽ നടത്തുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായുള്ള ഭൂവിനിയോഗ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഭൂവിനിയോഗ ബോർഡ് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡ് അവലോകനം നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഭൂവിഭവങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും പരിപാലനത്തിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ബോർഡ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ഭൂവിഭവങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും പരിപാലനത്തിനുമായി ഭൂവിനിയോഗ ബോർഡ് താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>1) പ്രകൃതി വിഭവങ്ങളുടെ പഞ്ചായത്തുതല വിഭവ ഭൂപടം തയ്യാറാക്കൽ.<br>2) നീർത്തടങ്ങളുടെ സൂക്ഷ്മതല വിഭജനം.<br>3) കാർഷിക പാരിസ്ഥിതിക മേഖലകളുടെ തരംതിരിക്കൽ.<br>4) അനുയോജ്യമായ ഭൂവിനിയോഗ ആസൂത്രണം.<br>5) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ഭൂവിനിയോഗ വികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ<br>6) ഭൂവിഭവ പ്രശ്നങ്ങളേയും സാദ്ധ്യതകളേയും സംബന്ധിക്കുന്ന പഠനങ്ങൾ. |

ചെയ്തിട്ടുണ്ട്.

(ഡി) പഞ്ചായത്തുതല വിഭവ ഭൂപട നിർമ്മാണം പൂർത്തിയാക്കിയ പഞ്ചായത്തുകളിൽ, അത് തുടർന്നുള്ള വികസന പദ്ധതികൾക്ക് സഹായകരമായിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) പഞ്ചായത്തുതല വിഭവ ഭൂപട നിർമ്മാണം പൂർത്തിയാക്കിയ പഞ്ചായത്തുകളിൽ, വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന രേഖയായി അവ ഉപയോഗിച്ചു വരുന്നു. ഇതിന്റെ കൂടുതൽ കാര്യക്ഷമമായ ഉപയോഗം മുൻനിർത്തി 2009-10 വർഷം മുതൽ നീർത്തടാധിഷ്ഠിത കർമ്മ പദ്ധതി തയ്യാറാക്കി വരികയാണ്. ഈ കർമ്മ പദ്ധതിയിൽ നിന്നും ഓരോ സർവ്വേ നമ്പർ തലത്തിലും നടപ്പിലാക്കുവാൻ കഴിയുന്ന വികസന പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങളും പഞ്ചായത്തിലെ പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും സംരക്ഷിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ നല്കുന്നതിനുള്ള വിവരങ്ങളും ലഭ്യമാകുന്നു.

സെക്ഷൻ ഓഫീസർ